# HADIA CSE Khutba Notes (22.12.2017)

## ഹൃദയം നാലു വിധം

ഹൃദയമാണല്ലോ നമ്മുടെ ശരീരത്തിന്റെ നേതാവും രാജാവും. ഇക്കാര്യമാണ് ഒരിക്കൽ ആഇശ ബീവി(റ) കഅ്ബുൽ അഹ്ബാറി(റ)നോട് പറഞ്ഞത്:

**الإنسان عيناه هاد وأذناه قمع ولسانه ترجمان ويداه جناحان ورجلاه بريد والقلب منه ملِكٌ.**

അതുകൊണ്ട് മനസ്സും ഹൃദയവും നന്നായാൽ ശരീരം നന്നായി. അത് ചീത്തയായാൽ ശരീരവും ചീത്തയായി (ശംസ് 9,10). മാത്രമല്ല, അല്ലാഹു നോക്കുന്നതും പരിഗണിക്കുന്നതും ഹൃദയവും അവിടത്തെ വിചാരവുമാണ്. ഒരിക്കൽ അമ്മാർ ബിൻ യാസിർ(റ) പ്രവാചകനോട് ഒരു പരാതി പറഞ്ഞു:

**أَخَذَ الْمُشْرِكُونَ عَمَّارَ بْنَ يَاسِرٍ فَلَمْ يَتْرُكُوهُ حَتَّى سَبَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، وَذَكَرَ آلِهَتَهُمْ بِخَيْرٍ ثُمَّ تَرَكُوهُ ، فَلَمَّا أَتَى رَسُولَ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : مَا وَرَاءَكَ ؟ قَالَ : شَرٌّ يَا رَسُولَ اللهِ ، مَا تُرِكْتُ حَتَّى نِلْتُ مِنْكَ ، وَذَكَرْتُ آلِهَتَهُمْ بِخَيْرٍ قَالَ : كَيْفَ تَجِدُ قَلْبَكَ ؟ قَالَ : مُطْمَئِنٌّ بِالإِيمَانِ قَالَ : إِنْ عَادُوا فَعُدْ (حاكم)**

അപ്പോഴാണത്രേ അല്ലാഹു ഇറക്കിയത്.

**مَنْ كَفَرَ بِاللَّهِ مِنْ بَعْدِ إِيمَانِهِ إِلَّا مَنْ أُكْرِهَ وَقَلْبُهُ مُطْمَئِنٌّ بِالْإِيمَانِ وَلَكِنْ مَنْ شَرَحَ بِالْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِنَ اللَّهِ وَلَهُمْ عَذَابٌ عَظِيمٌ (النحل)**

ഒരു കവി നമ്മെ പഠിപ്പിക്കുന്നു.

**فالفضل عند الله ليس بصورة الـ**
**أعمال بل بحقائق الإيمان**
**وتفاضل الأعمال يتبع ما يقو**
**م بقلب صاحبها من البرهان**
**حتى يكون العاملان كلاهما**
**في رتبة تبدو لنا بعيان**
**هذا وبينهما كما بين السما**
**والأرض في فضل وفي رجحان**

ചുരുക്കത്തിൽ നമ്മെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ഹൃദയമാണ്. അതുകൊണ്ട് അതിൽ നിക്ഷേപിക്കപ്പെടുന്ന വിശ്വാസത്തിനും മറ്റും നമ്മുടെ ജീവിതത്തെ മാറ്റിമറിക്കുന്നതിൽ വലിയ പങ്കുണ്ട്. ഇങ്ങനെ, മനസ്സിൽ നിക്ഷേപിക്കപ്പെടുന്ന കാര്യങ്ങൾക്കനുസരിച്ച് പ്രവാചകൻ (സ്വ) ഹൃദയത്തെ നാലായി തരം തിരിക്കുന്ന ഒരു തിരുവചനമാണ് ഇന്ന് നാം പഠിക്കാൻ പോകുന്നത്. അവിടന്ന് പ്രഖ്യാപിക്കുന്നു:

## HADIA CSE Khutba Notes (22.12.2017)

### ഹൃദയം നാലു വിധം

عَنْ أَبِي سَعِيدٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ الْقُلُوبُ أَرْبَعَةٌ قَلْبٌ أَجْرَدُ فِيهِ مِثْلُ السِّرَاجِ يُزْهِرُ وَقَلْبٌ أَغْلَفُ مَرْبُوطٌ عَلَى غِلَافِهِ وَقَلْبٌ مَنْكُوسٌ وَقَلْبٌ مُصْفَحٌ فَأَمَّا الْقَلْبُ الْأَجْرَدُ فَقَلْبُ الْمُؤْمِنِ سِرَاجُهُ فِيهِ نُورُهُ وَأَمَّا الْقَلْبُ الْأَغْلَفُ فَقَلْبُ الْكَافِرِ وَأَمَّا الْقَلْبُ الْمَنْكُوسُ فَقَلْبُ الْمُنَافِقِ عَرَفَ ثُمَّ أَنْكَرَ وَأَمَّا الْقَلْبُ الْمُصْفَحُ فَقَلْبٌ فِيهِ إِيمَانٌ وَنِفَاقٌ (احمد)

ഇതിൽ ആദ്യം പറയുന്നത് യഥാർഥ വിശ്വാസികളുടെ ഹൃദയത്തെപ്പറ്റിയാണ്. അതിന് രണ്ട് ഗുണങ്ങളുണ്ടാവും; അജ്റദും (കളങ്കമില്ലാത്തത്) വിളക്ക് പോലെ വെളിച്ചം ചൊരിയുന്നതുമാവുക. ഇതിലെ അജ്റദിനെ കുറിച്ചാണ് ഖൽബുൻ സലീം എന്ന് അല്ലാഹു ഖുർആനിൽ പ്രഖ്യാപിച്ചത് (ശുഅറാഅ് 89, സ്വാഫാത്ത് 84). ഒരിക്കൽ പ്രവാചകൻ(സ്വ) പറഞ്ഞു: ഇപ്പോൾ ആദ്യം വരുന്നയാൾ സ്വർഗത്തിൽ കടക്കുന്നതാണ്. പെട്ടെന്ന് അബ്ദുല്ലാഹിബ്നുസലാം(റ) കടന്നുവന്നു.

فقامَ إليه ناسٌ ، فأخبروه ، وقالوا له : أخبرنا بأوثق عَمَلِكَ في نفسِكَ ، قال : إنَّ عملي لضعيف ، أوثقُ ما أرجو به سلامةُ الصدر ، وتركي ما لا يعنيني .

ചില മഹദ്വചനങ്ങൾ നോക്കുക.

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ -ﷺ- قَالَ « يَدْخُلُ الْجَنَّةَ أَقْوَامٌ أَفْئِدَتُهُمْ مِثْلُ أَفْئِدَةِ الطَّيْرِ » (مسلم) اي أنها مثلها في أنها خالية من ذنب، سليمة من كل عيب.

عن أبي سعيد الخدري أو غيره قال : قال رسول الله صلى الله عليه و سلم : إن أبدال أمتي لم يدخلوا الجنة بالأعمال و لكن إنما دخلوها برحمة الله و سخاوة الأنفس و سلامة الصدور و رحمة لجميع المسلمين (بيهقي)

قال علي ﷺ في تمثيل القلوب : إن لله تعالى في أرضه آنية وهي القلوب فأحبها إليه تعالى أرقها وأصفاها وأصلبها.

قال أبو ذر ﷺ : قال رسول الله صلى الله عليه و سلم : قد أفلح من أخلص الله قلبه للإيمان و جعل قلبه سليما و لسانه صادقا و نفسه مطمئنة و خليقته مستقيمة (بيهقي)

അതോടൊപ്പം പ്രസ്തുത ഹൃദയം മറ്റുള്ളവർക്ക് വെളിച്ചം പകർന്ന് കൊണ്ടിരിക്കുകയും ചെയ്യും. ഇതിനെയാണ് ഖുർആൻ ചെറിയ പൊത്തിലെ വിളക്ക് എന്ന് വർണിച്ചത് (നൂർ 35). മറ്റുള്ളവർക്ക് ഉപകാരമില്ലാത്ത, വെളിച്ചം പടർത്താത്ത വിശ്വാസി കരിന്തിരി മാത്രമുള്ള വിളക്കാണെന്ന് പ്രവാചകൻ പറയുന്നു. രണ്ടാമത്തേത് സത്യനിഷേധിയുടെ ഹൃദയമാണ്. അത് ഉറയിലടക്കപ്പെട്ടത് കൊണ്ട് യാതൊരു ഉപദേശമോ വിശ്വാസമോ പ്രബോധനമോ അങ്ങോട്ട് കടക്കുകയില്ല. ഇവരുടെ അവസ്ഥ ഖുർആൻ നിരവധി സ്ഥലങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

كَذَلِكَ يَطْبَعُ اللَّهُ عَلَى قُلُوبِ الَّذِينَ لَا يَعْلَمُونَ (روم)

**أُولَئِكَ الَّذِينَ لَعَنَهُمُ اللَّهُ فَأَصَمَّهُمْ وَأَعْمَى أَبْصَارَهُمْ أَفَلَا يَتَدَبَّرُونَ الْقُرْآنَ أَمْ عَلَى قُلُوبٍ أَقْفَالُهَا (محمد)**

**أَفَلَمْ يَسِيرُوا فِي الْأَرْضِ فَتَكُونَ لَهُمْ قُلُوبٌ يَعْقِلُونَ بِهَا أَوْ آذَانٌ يَسْمَعُونَ بِهَا فَإِنَّهَا لَا تَعْمَى الْأَبْصَارُ وَلَكِنْ تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ (حج)**

നിരന്തരം ഉപദേശം കേട്ടിട്ടും നമ്മുടെ മനസ്സിന് യാതൊരു മാറ്റവുമില്ലെങ്കിൽ നമ്മുടെ ഹൃദയം കാഫിറുകളുടേത് പോലെയാവുന്നുവോ എന്ന് നാം പേടിക്കണം. കാരണം, വിശ്വാസികൾക്ക് ഉപദേശം ഫലം ചെയ്യുന്നതാണ് (ദാരിയാത്ത് 65).

തലകീഴായി നിൽക്കുന്ന മൂന്നാം ഹൃദയം (ഖൽബുൻ മൻകൂസ്) മുനാഫിഖുകളുടെ ഹൃദയമാണ്. അവർ എല്ലാ ഉപദേശവും കേൾക്കുകയും പിന്നീട് കേട്ട കാര്യങ്ങൾ മുഴുവൻ വൈകാതെ ചൊരിഞ്ഞ് കളയുകയും ചെയ്യുന്നു. താൻ മുനാഫിഖായി എന്ന ഹൻളല(റ)യുടെ പ്രശസ്തമായ പ്രഖ്യാപനത്തിന്റെ (നാഫഖ ഹൻളല) വെളിച്ചത്തിൽ നോക്കുമ്പോൾ നമ്മുടെയെല്ലാം മനസ്സ് ഇപ്പറഞ്ഞ പോലെയാണ്. കാരണം, ദീനിന്റെയും ദിക്റിന്റെയും സദസ്സുകളിൽ പങ്കെടുക്കുമ്പോൾ നാം ഏറെ ഭക്തന്മാരാവുകയും അത് കഴിഞ്ഞാൽ ആ ഭക്തി നമ്മിൽ നിന്ന് പടിയിറങ്ങുകയും ചെയ്യുന്നു. ഇത് തന്നെയല്ലേ കാപട്യം! എന്താണ് നിഫാഖ് എന്ന് ചോദിച്ചപ്പോൾ ഹുദൈഫ(റ) പറഞ്ഞു: ഇസ്ലാമിനെ സംബന്ധിച്ച് സംസാരിക്കുകയും എന്നിട്ട് അതിനനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യലാണ്.

**عن جابر بن زيد عن النبي صلي الله عليه وسلم قال : ان لا الاه الا الله كلمة الف الله بها قلوب المؤمنين فمن قالها و اتبعها بالعمل الصالح فهو مؤمن, و من قالها و اتبعها بالفجور فهو منافق (مسند الامام الربيع)**

അവസാനത്തേത് ഈമാനും നിഫാഖും ഒരുപോലെ മനസ്സിൽ കൊണ്ടു നടക്കുന്നവരുടെ ഹൃദയമാണ്. അത് കനം കുറഞ്ഞ് പരന്നതായിരിക്കും (മുസ്ഫഹ്). ഇവരെപ്പറ്റി അല്ലാഹു പറയുന്നു:

**وَآخَرُونَ اعْتَرَفُوا بِذُنُوبِهِمْ خَلَطُوا عَمَلًا صَالِحًا وَآخَرَ سَيِّئًا عَسَى اللَّهُ أَنْ يَتُوبَ عَلَيْهِمْ إِنَّ اللَّهَ غَفُورٌ رَحِيمٌ (توبة)**

**و في حديث الاسراء و المعراج ... قَالَ: فَارْتَقَيْنَا فِيهَا فَانْتَهَيْنَا إِلَى مَدِينَةٍ مَبْنِيَّةٍ، بِلَبِنِ ذَهَبٍ وَلَبِنِ فِضَّةٍ، فَأَتَيْنَا بَابَ الْمَدِينَةِ، فَاسْتَفْتَحْنَا، فَفُتِحَ لَنَا، فَدَخَلْنَاهَا، فَتَلَقَّانَا فِيهَا رِجَالٌ، شَطْرٌ مِنْ خَلْقِهِمْ كَأَحْسَنِ مَا أَنْتَ رَاءٍ، وَشَطْرٌ كَأَقْبَحِ مَا أَنْتَ رَاءٍ ... وَأَمَّا الْقَوْمُ الَّذِينَ كَانُوا، شَطْرٌ مِنْهُمْ حَسَنًا وَشَطْرٌ مِنْهُمْ قَبِيحًا، فَإِنَّهُمْ قَوْمٌ خَلَطُوا عَمَلاً صَالِحًا وَآخَرَ سَيِّئًا، تَجَاوَزَ اللَّهُ عَنْهُمْ (من صحيح البخاري اختصارا)**

ഇന്നത്തെ മഹാ ഭൂരിഭാഗവും ഇതിൽ പെട്ടവരാണെന്ന് പറയാം. കാരണം, ഇന്ന് മിക്കവരും നല്ല കാര്യങ്ങളിലും (ജമാഅത്ത് നിസ്കാരം, ദീനീ മജ്‌ലിസുകൾ, ദാനധർമ്മം) അതോടൊപ്പം മോശപ്പെട്ട കാര്യങ്ങളിലും (ഗാനമേള, വിനോദം) ഒരുപോലെ പങ്കെടുക്കുന്നവരാണ്. ഇവരെപ്പറ്റി പ്രവാചകൻ പറഞ്ഞു: ഇവരുടെ ഏത് ഗുണമാണോ മികച്ച് നിൽക്കുന്നത് അതിനനുസരിച്ചായിരിക്കും ഇവർ. വിശ്വാസം മികച്ച് നിന്നാൽ വിശ്വാസിയായും അല്ലെങ്കിൽ മുനാഫിഖായും മരിക്കാം.

ഇവയിലെ ഏത് വകുപ്പിലാണ് നമ്മുടെ സ്ഥാനം എന്ന ഒരു ആത്മവിചിന്തനമാവട്ടെ ഇ പ്രാവശ്യം നമ്മിൽ നിന്നുണ്ടാവേണ്ടത്.

..........................................................................................

**പ്രിയ ഖതീബുമാരോട്,**

ഈ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ദാറുൽഹുദാ ബിരുദദാന സമ്മേളനം നടക്കുകയാണ്. ജുമുഅ പ്രഭാഷണത്തിൽ ദഅവത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പരാമർശിച്ചും ദാറുൽ ഹുദായെ പരിചയപ്പെടുത്തിയും അഞ്ചു മിനിറ്റെങ്കിലും സംസാരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു

**ഡയറക്ടർ, സി.എസ്. ഇ**

**ഖുതുബ നോട്ട്സ്**


**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in,www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/